## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ:T3447 — 14/03/2017-ൽ മറുപടിക്ക്

# ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, ടി.എ.അഹമ്മദ് കബീർ<br>,, പി.കെ.കുഞ്ഞാലിക്കുട്ടി | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകുന്നതിനായി സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ ഇതിന്റെ ഭാഗമായുള്ള ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി KSCSTE യിലെ ശാസ്ത്രജ്ഞൻ ഡോ. പി. ഹരിനാരായണനെയും NCESS ലെ ശാസ്ത്രജ്ഞൻ ഡോ. കെ. കെ. രാമചന്ദ്രനെയും ചുമതലപ്പെടുത്തുകയും ചെന്നൈ NCSCM ലെ കൺസൾട്ടന്റായ ശ്രീ. വെങ്കിട്ടരമണൻ, ശാസ്ത്രജ്ഞനായ ഡോ. അസിർ രമേശ് എന്നിവരുടെ സഹായത്തോടുകൂടി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി 2017 ജനുവരിയിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | റിപ്പോർട്ട് നൽകുന്നതിന് പ്രസ്തുത കമ്മിറ്റിക്ക് എത്ര സമയമാണ് അനുവദിച്ചിരുന്നത്; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | | |
| (സി) | ശൈലേഷ് കമ്മിറ്റി റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണോ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നല്കിയിരിക്കുന്നത്; വിശദമാക്കാമോ; | (സി) | അല്ല . |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.ആർ. ഇസെഡ് (CRZ)-ന്റെ പരിധിയിൽ നിന്നും കേരളത്തെ പൂർണ്ണമായും ഒഴിവാക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയ ഡോ. ശൈലേഷ് നായക് സമിതി (2014). അവരുടെ റിപ്പോർട്ട് പൂർത്തിയാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിതായിട്ടാണ് അറിയാൻ കഴിയുന്നത്. ഇത് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രത്യേക ഇളവുകൾ ഒന്നും ഇതുവരെയായി പ്രഖ്യാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ